# മാമലകൾക്കപ്പുറം

## ചരിത്രപരമായ മലകളിലൂടെയുള്ള യാത്ര

## മൗണ്ട് ലെബനോൻ



മെഡിറ്ററേനിയൻ തീരത്തിന് സമാന്തരമായി 170കിലോമീറ്റർ വരെ ലെബനോൻ രാജ്യത്തുടനീളം വ്യാപിച്ചു കിടക്കുന്ന പർവ്വതനിരകളാണ് ലെബനോൻ പർവ്വതനിരകൾ. സമുദ്രനിരപ്പിൽ നിന്ന് 2500 മീറ്റർ ഉയരത്തിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. മഞ്ഞുമൂടിയ പ്രദേശം ആയതുകൊണ്ടാണ് (ജെറമിയ 18:14) വെളുപ്പ് എന്ന അർത്ഥമുള്ള ലെബനോൻ എന്ന പേര് ഈ മലനിരകൾക്ക് ലഭിച്ചത്. ലെബനോൻ എന്ന പദം എഴുപതിൽ കൂടുതൽ പ്രാവശ്യം ബൈബിളിൽ പഴയനിയമ ഭാഗത്ത് പ്രതിപാദിക്കുന്നുണ്ട്. ദൈവം ഇസ്രായേൽ ജനത്തിന് വാഗ്ദാനംചെയ്ത വാഗ്ദത്ത ഭൂമിയിൽ ഉൾപ്പെടുന്നതാണ് ലെബനോൺ.(നിയമാവർത്തനം 1: 7-8, 11 :24). "*തെക്കുവടക്ക് മരുഭൂമി മുതൽ ലെബനോൺ വരെയും കിഴക്ക് പടിഞ്ഞാറ് യൂഫ്രട്ടീസ് മഹാ നദിയും ഹിത്യരുടെ എല്ലാ ദേശങ്ങളും അടക്കം മഹാസമുദ്രം വരെയും നിങ്ങളുടേത് ആയിരിക്കും*". (ജോഷ്വാ 1 :4)

ഇസ്രായേൽ ജനത സമ്പൽ സമൃദ്ധവും ഫലഭൂയിഷ്ഠമായ വാഗ്ദത്ത ഭൂമി പിടിച്ചെടുത്തപ്പോൾ കർത്താവ് ശേഷിപ്പിച്ച ജനതകളുടെ ഇടയിൽ ലെബനോൻ മലയിൽ താമസിച്ചിരുന്ന ഹിവ്യർ ഉണ്ടായിരുന്നു. *"മോശ വഴി കർത്താവ് തങ്ങളുടെ പിതാക്കന്മാർക്ക് നൽകിയ കൽപ്പനകൾ ഇസ്രായേൽക്കാർ അനുസരിക്കുമോ എന്ന് പരീക്ഷിക്കാൻ വേണ്ടിയാണ് ഇവരെ അവശേഷിപ്പിച്ചത്"* (ന്യായാധിപന്മാർ 3: 1- 6). ഇന്ന് നാം ഈ ലോകത്ത് ജീവിക്കുമ്പോൾ ലെബനോൺ മലയിലെ ഹിവ്യരെ പോലെ നമ്മുടെ ഇടയിലും നമ്മെ പ്രലോഭനങ്ങളിൽ വീഴ്ത്തുന്ന പല പാപസാഹചര്യങ്ങളെയും നേരിടേണ്ടിവരും. ഇസ്രായേൽ ജനതയെ പോലെ മറ്റുള്ളവരുടെ പാപകരമായ ജീവിതശൈലി നാം അനുകരിക്കാതെ നാം അറിയുന്ന നമ്മുടെ ജീവനുള്ള ദൈവത്തെ മറ്റുള്ളവരിലേക്ക് എത്തിക്കുന്നതിലാണ് നമ്മുടെ ജീവിത വിജയം.

പഴയനിയമത്തിലെ മിക്കവാറും എല്ലാ പുസ്തകങ്ങളും ലെബനോൻ മലനിരകളുടെ സ്വഭാവം, വന്യമൃഗങ്ങൾ, ജലം, മരങ്ങൾ, പൂക്കൾ, വീഞ്ഞ്, സസ്യങ്ങൾ, മഞ്ഞ് എന്നിവയെ പ്രശംസിക്കുന്നു. ഉത്തമ ഗീതത്തിൽ സോളമൻ തന്റെ മണവാട്ടിയെ വർണിക്കുന്നത് ലെബനോൻ മലനിരകളുടെ സൗന്ദര്യത്തോടാണ്. (ഉത്തമ ഗീതങ്ങൾ 4:8,11 &15, 5:15, 7:4)

ലെബനോൻ മലനിരകളിലെ സമ്പന്നമായിരുന്ന സരള മരം, പൈൻ മരം, ദേവദാരു എന്നീ മരങ്ങളെല്ലാം കർത്താവിന്റെ ആലയം പണിയുന്നതിന് വേണ്ടി സോളമൻ രാജാവ് ഉപയോഗിച്ചിരുന്നു. (1 രാജാക്കന്മാർ 5, 6 അധ്യായങ്ങൾ). *"എന്റെ വിശുദ്ധ സ്ഥലം അലങ്കരിക്കുവാൻ ലെബനോന്റെ മഹത്വമായ സരള വൃക്ഷവും പുന്നയും ദേവദാരുവും നിന്റെ അടുക്കൽ എത്തും. എന്റെ പാദപീഠം ഞാൻ മഹത്വം പൂർണമാക്കും"* (ഏശയ്യ 60 : 13). ലെബനോൻ പർവ്വതത്തിലെ, ഏറ്റവും വിലയേറിയതും മഹത്തരവുമായ ഈ ദേവദാരു വൃക്ഷം കർത്താവ് നട്ടുപിടിപ്പിച്ചത് ആണെന്ന് വിശുദ്ധ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു, *"കർത്താവിന്റെ വൃക്ഷങ്ങൾക്ക് അവിടുന്ന് നട്ടുപിടിപ്പിച്ച ലെബനോനിലെ ദേവദാരുകൾക്ക് സമൃദ്ധമായി ജലം ലഭിക്കുന്നു"* (സങ്കീർത്തനങ്ങൾ 104:16). ഹോസിയ പ്രവാചകന്റെ വാക്കുകളിൽ ലെബനോനിലെ ദേവദാരുവും ലെബനോൻ മുന്തിരിവള്ളിയും ദൈവജനം ദൈവാനുഭവത്തിലേക്ക് മടങ്ങി വരുമ്പോൾ അനുഭവിക്കുന്ന ആത്യന്തികമായ സ്ഥിരതയും ആനന്ദത്തിന്റെ പൂർണതയും വ്യക്തമാക്കുന്നു. (ഹോസിയ 14:5 -9)

പുതിയ നിയമത്തിൽ ലെബനോൺ എന്ന് പേരെടുത്ത് പരാമർശിച്ചിട്ടില്ല. എന്നിരുന്നാലും പുതിയ നിയമത്തിലെ രചയിതാക്കൾ പറയുന്നതനുസരിച്ച് ക്രിസ്തു ഇന്നത്തെ ലബനോനിലെ സീദോൻ, ടയർ എന്നീ രണ്ട് നഗരങ്ങളുടെയും പ്രദേശങ്ങൾ സന്ദർശിച്ചു എന്ന് പരാമർശിക്കുന്നു (മത്തായി 15 :21). ***വെണ്മയാർന്ന ലെബനോൺ മലനിരകളെ പോലെ, കർത്താവിനാൽ നട്ടു നനയ്ക്കപ്പെട്ട ലബനോൻ മലയിലെ ദേവദാരു കളെ പോലെ നമ്മുടെ ചുറ്റുമുള്ളവരിലേക്ക് നന്മയുടെ സൗരഭ്യം പരത്തുന്ന ജീവിക്കുന്ന കർത്താവിന്റെ ആലയം ആയി തീരുവാൻ നമുക്കോരോരുത്തർക്കും പരിശ്രമിക്കാം.***

Joseph Merlin



An initiative by Jesus Youth - Ruwi

Jesus Youth - Oman